കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ഗ്രാമവികസനം - ജീവനക്കാര്യം- - പൂതാടി ഗ്രാമ പഞ്ചായത്തിൽ I AY പദ്ധതി നടത്തിപ്പിലെ ക്രമക്കേടുകളെ തുടർന്ന് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ പരിശോധന - വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ശ്രീ. പോൾ വർഗ്ഗീസിനെതിരായ അച്ചടക്ക നടപടി - ഗ്രാമവികസന വകുപ്പിലെ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് ശ്രീ. വി. മോഹനകൃഷ്ണനെ നിയമിച്ച് ഉത്തരവാകുന്നു.

---

തദ്ദേശസ്വയംഭരണ(ഇആർബി) വകുപ്പ്

സർക്കാർ ഉത്തരവ്(സാധാ)നമ്പർ. 2338/2016/തസ്വഭവ, തിരുവനന്തപുരം,തീയതി, 03.8.2016

---

പരാമർശം : 1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 05/01/2015 തീയതിയിലെ ഇ 11(എസ്.ഡി 05/14/വയനാട്) 7490/2014 നമ്പർ കത്തും പരിശോധനാ റിപ്പോർട്ടും.

2. പൂതാടി ഗ്രാമ പഞ്ചായത്ത് മുൻ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ശ്രീ. പോൾ വർഗ്ഗീസിന് 30.6.2015 തീയതിയായി നൽകിയിട്ടുള്ള ഇആർ.ബി1/38/2015 ത.സ്വ.ഭ.വ നമ്പർ കുറ്റപത്രവും കുറ്റാരോപണ പത്രികയും.

3. 27/05/2016 തീയതിയിൽ ശ്രീ. പോൾ വർഗ്ഗീസ് ഗ്രാ മവികസന കമ്മീഷണർ മുഖാന്തിരം സമർപ്പിച്ച പ്രതിവാദ പത്രിക.

**ഉത്തരവ്**

പൂതാടി ഗ്രാമ പഞ്ചായത്തിൽ 19/03/2014 -ാം തീയതി വിജിലൻസ് & ആന്റി കറപ്ഷൻബ്യൂറോ നടത്തിയ മിന്നൽ പരിശോധനാ റിപ്പോർട്ടിലെ പരാമർശം(1) പ്രകാരമുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടി ഗ്രാമ പഞ്ചായത്തിലെ മുൻ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ശ്രീ. പോൾ വർഗ്ഗീസിന് പരാമർശം( 2)പ്രകാരം കുറ്റപത്രവും കുറ്റാരോപണപത്രികയും നല്കുകയുണ്ടായി. ഇതിനെതിരെ പരാമർശം( 3) പ്രകാരം ടിയാൻ പ്രതിവാദ പത്രിക സമർപ്പിച്ചിട്ടുണ്ട്.

ശ്രീ. .പോൾ വർഗ്ഗീസിനെതിരെ 1960 ലെ കെ.സി.എസ് (സി.സി&എ) റൂൾസ് 15 പ്രകാരം അച്ചടക്ക നടപടി സ്വീകരിച്ചു വരുന്നതിനാൽ ഈ വിഷയത്തിൽ വകുപ്പുതല അന്വേഷണം നടത്തുന്നതിനായി ഗ്രാമവികസന കമ്മീഷണറേറ്റിലെ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് ശ്രീ.വി.മോഹനകൃഷ്ണനെ അന്വേഷണ ഉദ്യോഗസ്ഥനായി നിയമിച്ച് ഉത്തരവാകുന്നു.അന്വേഷണ ഉദ്യോഗസ്ഥൻ അന്വേഷണം നടത്തി **ഒരു മാസത്തിനകം** സർക്കാരിൽ റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
റ്റി.പി.വിജയകുമാർ
സ്പെഷ്യൽ സെക്രട്ടറി

ശ്രീ.വി. മോഹനകൃഷ്ണൻ, അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്, ഗ്രാമവികസന കമ്മീഷണറേറ്റ് (ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം മുഖേന)
ഗ്രാമവികസന കമ്മീഷണർ. തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, കോഴിക്കോട്
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക (Web& New media) വകുപ്പ്.
തദ്ദേശ സ്വയംഭരണ( ഒ.എസ്) വകുപ്പ്
ആഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

Shejith

സെക്ഷൻ ഓഫീസർ